(ഡി) നിയമനാധികാരം മാനേജർമാർക്കാണെങ്കിലും നിശ്ചിത ഒഴിവിൽ തന്നെയാണോ നിയമിച്ചിട്ടുള്ളതെന്നും, ശരിയായ യോഗ്യത നേടിയിട്ടുള്ളവരെത്ത ന്നെയാണോ നിയമിച്ചതെന്നും, നിയമിക്കപ്പെട്ട ഒഴിവിലേക്ക് മുൻപ് നിയമനം നേടി അവകാശം ലഭിച്ചവർ ആരെയും ഒഴിവാക്കിയിട്ടില്ല എന്നും ഉറപ്പു വരുത്തിയിട്ടാണ് നിയമനം വിദ്യാഭ്യാസ ആഫീസർമാർ അംഗീകരിക്കുന്നത്.

എയ്ഡഡ് സ്കൂളുകളുടെ അപ്ഗ്രഡേഷൻ

149 [732] *ശ്രീ. എ. എ. അസീസ്:*

,, *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര എയ്ഡഡ് സ്കൂളുകളാണ് അപ്ഗ്രേഡ് ചെയ്യാൻ ഉദ്ദേശിക്കുന്നത്;

(ബി) അതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) & (ബി) സംസ്ഥാനത്ത് എയ്ഡഡ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

അംഗീകാരമില്ലാത്ത സ്കൂളുകൾ

150 [733] *ശ്രീ. ബിനോയ് വിശ്വം:*

,, *പി. എസ്. സുപാൽ:*

,, *മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവർത്തനം തുടങ്ങി അഞ്ചു വർഷമാകാത്ത അംഗീകാരമില്ലാത്ത സ്കൂളുകൾ പൂട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള സ്കൂളുകളുടെ ലിസ്റ്റ് തയ്യാറായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ ജില്ലയിലും എത്ര വീതമെന്ന് ഇനംതിരിച്ച് വെളിപ്പെടുത്താമോ;

(സി) ഇത്തരം സ്കൂളുകൾ അടച്ചുപൂട്ടുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഡി) അഞ്ചുവർഷത്തിനുമേൽ പ്രവർത്തിച്ചുവരുന്ന എത്ര സ്കൂളുകൾക്ക് ഇതിനകം അംഗീകാരം നൽകിയെന്നും ഇനി എത്ര സ്കൂളുകൾക്ക് അംഗീകാരം നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രവർത്തനം തുടങ്ങി അഞ്ചു വർഷമാകാത്ത അംഗീകാരമില്ലാത്ത സ്കൂളുകൾ പൂട്ടുന്നതിന് തീരുമാനിച്ചിട്ടില്ല.

(ബി) & (സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) സർക്കാർ ഇത് സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല.

സ്കൂളുകൾക്ക് അംഗീകാരം നൽകൽ

151 [734] *ശ്രീ. എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ നിർത്തലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) അഞ്ച് വർഷം പ്രവൃത്തി പരിചയമുള്ളതും അംഗീകാരമില്ലാത്തതുമായ സ്കൂളുകൾക്ക് അംഗീകാരം നൽകാനുള്ള സർക്കാർ നടപടി ഏത് ഘട്ടത്തിലാണ്;

(സി) ഏതെല്ലാം സ്കൂളുകൾക്കാണ് അംഗീകാരം നൽകുന്നത്; ജില്ല തിരിച്ചുള്ള വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഇപ്രകാരം അംഗീകാരം നൽകുന്നതിനുള്ള സാഹചര്യം എന്തെന്ന് വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് സ്കൂളുകൾക്ക് ദോഷകരമായ ഈ തീരുമാനം പുനഃപരിശോധിക്കുമോ?

ഉത്തരം

(എ) തീരുമാനമെടുത്തിട്ടില്ല.

(ബി) ഇത് സംബന്ധിച്ചുള്ള പ്രാഥമിക വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) അന്തിമ തീരുമാനം എടുത്തിട്ടില്ല.

(ഡി) & (ഇ) ചോദ്യം ഉദിക്കുന്നില്ല.

അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം

152 [735] *ശ്രീ. പി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly